# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ഡിസംബർ 12 മുതൽ ഡിസംബർ 16 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 99/2020 | തീയ്യതി: 11/12/2020 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 46.1 | 32.8 – 34.6 | 23.9-25.2 | 74–88 | 04 -08 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 12.12.2020 | 13.12.2020 | 14.12.2020 | 15.12.2020 | 16.12.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 74 | 74 | 74 | 74 | 74 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 12 | 12 | 10 | 8 | 12 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 250 | 230 | 230 | 250 |
| മേഘ വിന്യാസം, ഒക്റ്റാ | 6 | 2 | 1 | 4 | 2 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | ഒറ്റപ്പെട്ടയിടങ്ങളിൽ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ട്<br>വാഴ, പച്ചക്കറികൾ എന്നിവക്ക് ശക്തിയുള്ള താങ്ങുകൾ നൽകുക<br>റബ്ബർ, കൊപ്ര, അടക്ക എന്നിവ തുറന്ന സ്ഥലങ്ങളിൽ ആണ് ഉണക്കുന്നതെങ്കിൽ വൈകുന്നേരങ്ങളിൽ മഴനനയാത്തിടത്തേക്കു മാറ്റി വെക്കുക | | |
| തെങ്ങ് | വിവിധ ഘട്ടം | കടചീയൽ<br> | ഹെക്സാകോണസോൾ 25 മില്ലി/25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിൽ ഒഴിച്ച് കൊടുക്കുക.<br>ഒരാഴ്ച്ചയ്ക്ക് ശേഷം കുമ്മായം 2 കിലോ ഒരു തെങ്ങിന് എന്ന തോതിൽ നൽകുക.<br>വീണ്ടും മൂന്നാഴ്ച്ചയ്ക്ക് ശേഷം, പ്രതിരോധ ശേഷി വർധിപ്പിക്കാൻ പൊട്ടാഷ് 1 കിലോ ഒരു തെങ്ങിന് എന്ന തോതിൽ അധികമായി നൽകുക. |

| | | | |
|---|---|---|---|
| കാബേജ് | വിവിധ ഘട്ടം | ബ്ലാക് റോട്ട്  | സ്ട്രെപ്റ്റോ സൈക്ലിൻ)300ppm) ചെടികളിൽ തളിച്ച് കൊടുക്കുക.<br>കായ്ച്ചു തുടങ്ങിയതിനു ശേഷം എല്ലാ ആഴ്ചകളിലും 2% വീര്യമുള്ള സുഡോമോണാസ് ലായനി തളിച്ച് കൊടുക്കുന്നത് രോഗ ബാധയെ ചെറുക്കൻ സഹായിക്കും. |
| പച്ചമുളക് | വിവിധ ഘട്ടം | വെള്ളീച്ച  | തയാമെതോക്സാം 2 ഗ്രാം /10ലിറ്റർ എന്ന തോതിൽ തളിക്കുക. |
| പച്ചമുളക് | വിവിധ ഘട്ടം | ബാക്റ്റീരിയൽ വിൽറ്റ്  | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. സ്ട്രെപ്റ്റോസൈക്ലിൻ ഗുളിക ഒരെണ്ണം 2ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തളിച്ച് കൊടുക്കുക. |
| പയറ് | വളർച്ചാ ഘട്ടം | ഇലവാട്ടം  | കോൺടാഫ് (2മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ആഴ്ച തോറും തളിച്ച് കൊടുക്കുക.രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക.രോഗബാധിത ഇലകൾ പറിച്ചെടുത്തു തീയിട്ടു നശിപ്പിക്കുക. അല്ലെങ്കിൽ പൈറാക്ലോസ്ട്രോബിൻ 5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. |

| | | | |
|---|---|---|---|
| മത്തൻ | കായിക വളർച്ചാ ഘട്ടം | മത്തൻ വണ്ട്  | മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക.<br>മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി